# കേരള സർക്കാർ

സംഗ്രഹം

ഗെയിൻ പി.എഫ്. ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കണ്ണൂർ വിദ്യാഭ്യാസ ഉപ ഡയറക്ടർ ഓഫീസിലെ സീനിയർ ക്ലാർക്കായ ശ്രീ. വിനോയ് ചന്ദ്രൻ. ആർ.നും പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലെ അക്കൗണ്ട്സ് ഓഫീസർ (പ്രൊവിഡന്റ് ഫണ്ട്) ആയ ശ്രീ. വി. അനിൽകുമാറിനും യാത്രാബത്തയിൽ വരുന്ന പരിധി ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

*ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്*

സ.ഉ. (സാധാ) നം. **1166/2018/ധന.** തിരുവനന്തപുരം, തീയതി **15.02.2018**

പരാമർശം - 1. സ.ഉ. (സാധാ) നം. 1597/2017/ധന. തീയതി 27.02.2017

2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 31.01.2018 ലെ പി.എഫ്. ജനറൽ (3)/51412/2015/ഡി.പി.ഐ, 18.09.2017 ലെ പി.എഫ്. ജനറൽ (3)/69635/16 എന്നീ നമ്പർ കത്തുകൾ

## ഉത്തരവ്

ഗെയിൻ പി.എഫ്. ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് നോഡൽ ഓഫീസറായി പ്രവർത്തിച്ചു വരുന്ന കണ്ണൂർ വിദ്യാഭ്യാസ ഉപ ഡയറക്ടർ ഓഫീസിലെ സീനിയർ ക്ലാർക്കായ ശ്രീ. വിനോയ് ചന്ദ്രൻ. ആർ ന് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലും ഫിനാൻസ് സെക്രട്ടേറിയേറ്റിലും എൻ.ഐ.സിയിലുമൊക്കെയായി നടക്കുന്ന യോഗങ്ങളിലും ട്രെയിനിങ്ങുകളിലും പങ്കെടുക്കേണ്ടതുള്ളതിനാൽ 31.03.2017 വരെ യാത്രാബത്തയിൽ വരുന്ന പരിധി ഒഴിവാക്കിക്കൊണ്ട് പരാമർശത്തിലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ ശ്രീ. വിനോയ് ചന്ദ്രൻ.ആർ.ന് ഗെയിൻ പി.എഫ്. ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഇനിയും യാത്രചെയ്യേണ്ടതിനാൽ തുടർന്ന് വരുന്ന ഒരു വർഷ കാലയളവിലേക്കുകൂടി യാത്രാബത്തയിൽ വരുന്ന പരിധി ഒഴിവാക്കി നൽകണമെന്നും കൂടാതെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലെ അക്കൗണ്ട്സ് ഓഫീസർ (പ്രൊവിഡന്റ് ഫണ്ട്) ആയ ശ്രീ. വി. അനിൽകുമാറിനും വരുന്ന ഒരു വർഷ കാലയളവിലേക്ക യാത്രാബത്തയിൽ വരുന്ന പരിധി ഒഴിവാക്കിക്കൊണ്ടും ഉത്തരവാകണമെന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശത്തിലെ കത്തുകളിലൂടെ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഗെയിൻ പി.എഫ്. ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കണ്ണൂർ വിദ്യാഭ്യാസ ഉപ ഡയറക്ടർ ഓഫീസിലെ സീനിയർ ക്ലാർക്കായ ശ്രീ. വിനോയ് ചന്ദ്രൻ. ആർ.നും പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലെ അക്കൗണ്ട്സ് ഓഫീസർ (പ്രൊവിഡന്റ് ഫണ്ട്) ആയ ശ്രീ. വി. അനിൽകുമാറിനും 01.04.2017 മുതലുള്ള യാത്രാബത്തയിൽ വരുന്ന പരിധി ഒഴിവാക്കി, തുടർന്ന് ഒരു കാരണവശാലും നീട്ടി നൽകില്ല, എന്ന നിബന്ധനയോടെ 31.03.2018 വരെ നീട്ടി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപ ഡയറക്ടർ, കണ്ണൂർ
ശ്രീ. വിനോയ് ചന്ദ്രൻ. ആർ, സീനിയർ ക്ലർക്ക്, വിദ്യാഭ്യാസ ഉപ ഡയറക്ടർ ഓഫീസ്, കണ്ണൂർ
ശ്രീ. വി. അനിൽകുമാർ, അക്കൗണ്ട്സ് ഓഫീസർ (പ്രൊവിഡന്റ് ഫണ്ട്), പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ